അതേതായാലും ഹിന്ദുസ്ഥാനി സംഗീതത്തിൽ താല്പര്യമുള്ള കേരളീയരുടെ ശ്രദ്ധ ആണ്ടുതോറും നടക്കുന്ന ഈ സംഗീതോത്സവത്തിൽ കൂടുതൽ പതിയുന്നതു നന്നായിരിക്കും. ക്ളാസിക്കൽ സംഗീതം അതിന്റെ തനിമയിൽ ആധികാരിക പ്രഭവങ്ങളിൽനിന്നുതന്നെ കേൾക്കാനുള്ള അവസരം അത്രയൊന്നും സുലഭമല്ലല്ലോ.

17 ജൂലൈ, 1989

# 73. ഗോവിന്ദ ഭഗവൽ പൂജ്യപാദരുടെ ഗുഹ

ആദിശങ്കരാചാര്യസ്വാമികളുടെ സന്ന്യാസദീക്ഷാഗുരു ശ്രീമദ് ഗോവിന്ദഭഗവൽ പൂജ്യപാദർ ആയിരുന്നു എന്ന വസ്തുത എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. സന്ന്യസിക്കുന്നതിന് അമ്മയുടെ സമ്മതം എട്ടാം വയസ്സിൽ നേടിയ ശങ്കരൻ ഗുരുവിനെ അന്വേഷിച്ച് കേരളത്തിലെ കാലടിയിൽനിന്ന് വടക്കോട്ട് യാത്രയായി. ഇന്ത്യയുടെ മദ്ധ്യഭാഗത്തിൽ പുണ്യസലിലയായ നർമ്മദാനദിയുടെ തീരത്തിലുള്ള ഒരു പർവതഗുഹയിൽ തപസ്സ് അനുഷ്ഠിച്ചിരുന്ന ഗോവിന്ദ ഭഗവൽ പൂജ്യപാദരെ പ്പററി കേട്ടറിഞ്ഞ അദ്ദേഹം ആ മഹാത്മാവിനെ ഗുരുവായി മനസ്സാ വരിച്ചു. ചാതുർമാസ്യവ്രതം അനുഷ്ഠിക്കുകയായിരുന്ന ഗോവിന്ദ ഭഗവൽ പൂജ്യപാദർ അക്കാലത്ത് ഗുഹയിൽനിന്നു പുറത്തു വന്നിരുന്നില്ല. പക്ഷേ, അകത്തിരിക്കുന്ന ഭഗവൽപാദരുടെ ഒരു കാൽ ഗുഹയുടെ ചുവരിലുള്ള ഒരു വിള്ളലിലൂടെ പുറത്തു കാണാമായിരുന്നു. ശങ്കരൻ പുറത്തുനിന്ന് ആ പാദത്തെ ഭക്തിപൂർവം പൂജിച്ചു. 'നീ ആര്?' എന്ന് ഭഗവൽപാദർ അകത്തിരുന്നു ചോദിച്ചപ്പോൾ 'ഞാൻ പഞ്ചഭൂതങ്ങളല്ല, ഇന്ദ്രിയങ്ങളുമല്ല, കേവലനായ ആത്മാവാണ്'' (ന ഭൂമിർന്ന തോയം.... ശിവഃ കേവലോ ƒഹം) എന്ന് ശങ്കരൻ വിനീതനായി മറുപടി പറഞ്ഞു. ഭഗവൽ പൂജ്യപാദർ പുറത്തു വന്ന് ശങ്കരനെ ശിഷ്യനായി സ്വീകരിക്കുകയും അദ്ദേഹത്തിന് സന്ന്യാസദീക്ഷ നൽകുകയും കാശിയിൽച്ചെന്നു താമസിച്ച് വേദാന്ത സൂത്രങ്ങൾക്ക് ഭാഷ്യം എഴുതുവാൻ അദ്ദേഹത്തോട് നിർദേശിക്കുകയുംചെയ്തു. ഗോവിന്ദ ഭഗവൽപൂജ്യപാദരും ശങ്കരാചാര്യരും തമ്മിലുള്ള ഗുരുശിഷ്യബന്ധത്തെപ്പററി പൊതുവിൽ നിലവിലുള്ള ധാരണ ഇതാണ്.

ശങ്കരാചാര്യരെ ശിഷ്യനായി സ്വീകരിച്ച കാലത്ത് ഗോവിന്ദ ഭഗവൽ പൂജ്യപാദർ പാർത്തിരുന്ന ഗുഹ മദ്ധ്യപ്രദേശ് സംസ്ഥാനത്തിൽ 'ഓംകാരേശ്വർ' എന്ന സ്ഥലത്ത് നർമ്മദാനദിയുടെ തീരത്തിൽ ഇപ്പോഴും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. ഒരു പുണ്യസ്ഥലമെന്ന നിലയിൽ ഈ ഗുഹ ധാരാളം തീർത്ഥാടകർ സന്ദർശിച്ചുവരുന്നു. കാഞ്ചീപുരത്തുള്ള കാഞ്ചികാമകോടി പീഠത്തിലെ ശങ്കരാചാര്യ പരമ്പര വിശ്വസിക്കുന്നത് ഓംകാരേശ്വറിലെ ഗുഹയിൽവെച്ചാണ് ഗോവിന്ദ ഭഗവൽ പാദർ ആദിശങ്കരാചാര്യർക്ക് സന്ന്യാസം നൽകിയതെന്നാണ്. കാഞ്ചികാമകോടി മഠാധിപതിയുടെ ഒരു ഭക്തനാണ് രാഷ്ട്രപതി ശ്രീ വെങ്കട്ടരാമൻ. 1988 ജൂൺ 26-ാം തീയതി ശ്രീ വെങ്കട്ടരാമൻ ഓംകാരേശ്വറിലെ ഗുഹ സന്ദർശിക്കുകയുണ്ടായി. ഈ ഗുഹയ്ക്കടുത്ത് കാഞ്ചി കാമകോടി മഠത്തിന്റെ ഉടമയിൽ ഒരു 'ശങ്കരകേന്ദ്രം' സ്ഥാപിക്കുന്നതിന് ശ്രീ വെങ്കട്ടരാമന്റെ അഭ്യർത്ഥനയനുസരിച്ച് അന്ന് മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രിയായിരുന്ന ശ്രീ അർജ്ജുൻസിംഹ് പത്ത് ഏക്കർ സ്ഥലം നാമമാത്രമായ ആയിരത്തി ഒരുനൂറു രൂപ വിലയ്ക്ക് വാങ്ങിക്കൊടുത്തു. ഓംകാരേശ്വറിൽ 'കാഞ്ചികാമകോടി ട്രസ്റ്റ്'' എന്ന പേരിൽ ഒരു ധർമസ്ഥാപനം നിലവിൽവന്നിട്ടുമുണ്ട്.

പരമമായ സത്യം ഒന്നേ ഉള്ളൂ എന്ന 'അദ്വൈത'സിദ്ധാന്തത്തിന് സ്ഥിരപ്രതിഷ്ഠ നൽകിയ ദാർശനികനാണ് ആദിശങ്കരാചാര്യർ. പക്ഷേ, അദ്ദേഹം

സ്ഥാപിച്ചതായി അവകാശപ്പെടുന്ന മഠങ്ങളുടെ ആധിപത്യം വഹിക്കുന്ന ആധുനിക ശങ്കരാചാര്യന്മാർക്ക് തമ്മിൽത്തമ്മിൽ പല കാര്യങ്ങളിലും തീർക്കാനാവാത്ത അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഓംകാരേശ്വറിലെ ഗുഹയിൽവെച്ചാണ് ഗോവിന്ദ ഭഗവൽ പൂജ്യപാദർ ശങ്കരന് സന്ന്യാസം നല്കിയതെന്ന് ദ്വാരകയിലെ ഇപ്പോഴത്തെ ശങ്കരാചാര്യർ വിശ്വസിക്കുന്നില്ല. മദ്ധ്യപ്രദേശിൽ നരസിംഹ്പൂർ ജില്ലയിലുള്ള 'സാകൽഘട്ട്' എന്ന സ്ഥലത്ത് നർമ്മദാതീരത്തിലുള്ള മറ്റൊരു ഗുഹയിൽവെച്ചാണ് ഈ ഐതിഹാസികസംഭവം നടന്നതെന്ന് അദ്ദേഹം കരുതുന്നു. അതിനാൽ, ഓംകാരേശ്വറിൽ കാഞ്ചീകാമകോടി ട്രസ്റ്റ് സ്ഥാപിക്കപ്പെട്ടത് ദ്വാരക ശങ്കരാചാര്യർക്ക് ഇഷ്ടമായില്ല. ഈ ട്രസ്റ്റിന്റെ സ്ഥാപനം മൂലം ഉണ്ടായിട്ടുള്ള തെറ്റിദ്ധാരണ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം മദ്ധ്യപ്രദേശിലെ ഗൃഹമന്ത്രിയായ ജയ്പാൽസിംഹന് അക്കാലത്തുതന്നെ ഒരു കത്ത് എഴുതി അയയ്ക്കുകയുംചെയ്തു.

1989 ജൂലൈ ആദ്യവാരത്തിൽ ഉപരാഷ്ട്രപതി ശ്രീ ശങ്കർദയാൽ ശർമ്മ നാലു ദിവസം മദ്ധ്യപ്രദേശിൽ ചെലവഴിക്കുകയുണ്ടായി. ശങ്കർദയാൽ ശർമ്മ ജനിച്ചത് മദ്ധ്യപ്രദേശിലാണ്. അക്കാരണംകൊണ്ടുകൂടിയാവാം അഭൂതപൂർവ്വമായ സ്വീകരണമാണ് ഈ സന്ദർശനവേളയിൽ അദ്ദേഹത്തിന് മദ്ധ്യപ്രദേശിൽ ലഭിച്ചത്. ചെന്ന സ്ഥലങ്ങളിലൊക്കെയും അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ടുള്ള തോരണങ്ങൾ ഉയർത്തിയിരുന്നു. മൂവായിരത്തിലേറെ പൂമാലകളാണത്രെ മദ്ധ്യപ്രദേശിലെ ജനങ്ങൾ ഉപരാഷ്ട്രപതിയുടെ കഴുത്തിൽ അണിയിച്ചത്.

ശ്രീ മോത്തിലാൽ വോറ ആണ് ഇപ്പോൾ മദ്ധ്യപ്രദേശിലെ മുഖ്യമന്ത്രി. ശ്രീ വോറയുമൊന്നിച്ച് ഉപരാഷ്ട്രപതി 'സാകൽഘട്ട്ഗുഹ സന്ദർശിച്ചു. 'ആദിശങ്കരാചാര്യർ സന്ന്യാസം സ്വീകരിച്ചത് ഇവിടെവച്ചാണ്' എന്ന് ആലേഖനംചെയ്ത ഒരു ശിലാഫലകം ഈ ഗുഹയുടെ പരിസരത്തിൽ അദ്ദേഹം അനാവരണംചെയ്തു. ശങ്കർദയാൽ ശർമ്മയും മോത്തിലാൽ വോറയും ദ്വാരകാ ശങ്കരാചാര്യരുടെ ആരാധകരാണത്രെ.

അങ്ങനെ ആദിശങ്കരാചാര്യരെ ശിഷ്യനായി സ്വീകരിച്ച അവസരത്തിൽ ഗോവിന്ദ ഭഗവൽ പൂജ്യപാദർ പാർത്തിരുന്ന ഗുഹ രണ്ടായി. ശരിയായ ഗുഹ ഓംകാരേശ്വറിൽ ഉള്ളതാണെന്ന് കാഞ്ചികാമകോടി പീഠത്തിലെ ശങ്കരാചാര്യരും അല്ല, സാകൽഘട്ടിൽ ഉള്ളതാണെന്ന് ദ്വാരകാപീഠത്തിലെ ശങ്കരാചാര്യരും പറയുന്നു. കാഞ്ചി ശങ്കരാചാര്യരുടെ പിന്നിൽ രാഷ്ട്രപതി വെങ്കട്ടരാമനും മദ്ധ്യപ്രദേശിലെ മുൻ മുഖ്യമന്ത്രി അർജ്ജുൻസിംഹും നിലകൊള്ളുന്നു. ദ്വാരകാശങ്കരാചാര്യരുടെ പിന്നിലുള്ളതാകട്ടെ ഉപരാഷ്ട്രപതി ശങ്കർദയാൽ ശർമ്മയും മദ്ധ്യപ്രദേശിലെ ഇപ്പോഴത്തെ മുഖ്യമന്ത്രി മോത്തിലാൽ വോറയുമാണ്. പാവം തീർത്ഥയാത്രക്കാരൻ ഇതിൽ ഏതു ഗുഹ തിരഞ്ഞെടുക്കണം?

ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിൽ
ഉണ്ടായൊരിണ്ടൽ ബത! മിണ്ടാവതല്ല മമ;
പണ്ടേക്കണക്കെ വരുവാൻ നിൻ കൃപാവരമ-
തുണ്ടായ് വരേണമിനി നാരായണായ നമഃ

എന്ന് രണ്ടു ഗുഹകളിലും ചെന്ന് അയാൾ പ്രാർത്ഥിക്കേണമോ?

28 ജൂലൈ, 1989